നം. സി.ഇ.ഇ/4848/2013/ KEAM -2014/ TA.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## 2014 ലെ ആർക്കിടെക്ച്ചർ കോഴ്സ് പ്രവേശനം :

## യോഗ്യതാ പരീക്ഷയുടെയും NATA സ്കോറിന്റെയും മാർക്ക് ഓൺലൈനിലൂടെ സമർപ്പിക്കണം

2014 ലെ ആർക്കിടെക്ച്ചർ ബിരുദ കോഴ്സിന് പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയിലും **NATA** (നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ച്ചർ) യിലും നേടിയ മാർക്കിന്റെ വിവരം, വിദ്യാർത്ഥിയുടെ NATA പരീക്ഷയുടെ ID എന്നിവ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ഇതിലേക്കായി വെബ്സൈറ്റ് **20.05.2014 മുതൽ 02.06.2014 വൈകുന്നേരം 5 മണി വരെ** ലഭ്യമാകുന്നതാണ്.

അപേക്ഷാർത്ഥികൾ അവരവരുടെ അപേക്ഷാ നമ്പർ, റോൾ നമ്പർ, കീ നമ്പർ, KEAM 2014 അപേക്ഷ സമർപ്പിച്ചപ്പോൾ ഉപയോഗിച്ച പാസ്‌വേർഡ് എന്നിവ നൽകി ഹോംപേജിൽ കയറേണ്ടതാണ്. ഹോംപേജിലൂടെ അവരവരുടെ NATA സ്കോർ, NATA-Candidate ID, യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്ക് എന്നിവ സമർപ്പിക്കേണ്ടതാണ്. യോഗ്യതാ പരീക്ഷ (പ്ലസ്ടു/ തത്തുല്യം) പാസ്സായവർ മാത്തമാറ്റിക്സിനും മറ്റു വിഷയങ്ങൾക്കും ലഭിച്ച മാർക്ക്, രജിസ്റ്റർ നമ്പർ, പാസ്സായ വർഷം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എഞ്ചിനീയറിംഗ് ഡിപ്ലോമ യോഗ്യതാ പരീക്ഷയായി പാസ്സായിട്ടുള്ളവർ ഡിപ്ലോമാ പരീക്ഷയിൽ ലഭിച്ച മൊത്തം മാർക്ക്, രജിസ്റ്റർ നമ്പർ, പാസ്സായ വർഷം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഇവ രേഖപ്പെടുത്തിയതിനുശേഷം നൽകിയ വിവരങ്ങൾ ശരിയാണോ എന്ന് സ്ഥിരീകരിച്ച് 'മാർക്ക് സബ്മിഷൻ ഡാറ്റ'യുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഈ പ്രിന്റൗട്ട് വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തി, യോഗ്യതാ പരീക്ഷയുടെയും NATA സ്കോർ കാർഡിന്റെയും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, നേരിട്ടോ തപാൽ മുഖേനയോ (സ്പീഡ് പോസ്റ്റ്/ രജിസ്റ്റേർഡ് പോസ്റ്റ്) **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ **02.06.2014 വൈകുന്നേരം 5** മണിക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

വെബ്സൈറ്റുവഴി മാർക്കുകൾ സമർപ്പിക്കാത്തതും, 'മാർക്ക് സബ്മിഷൻ ഡാറ്റ'യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രിന്റൗട്ടും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ NATA സ്കോർ കാർഡിന്റെയും യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെയും പകർപ്പുകളും നിശ്ചിത തീയതിക്കകം സമർപ്പിക്കാത്തതുമായ വിദ്യാർത്ഥികളെ 2014-ലെ ആർക്കിടെക്ച്ചർ റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.05.2014